# ECHO OF HIS CALL

## വിളിയുടെ പ്രതിധ്വനി

MALAYALAM

*India's National Spiritual Newspaper*

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAANS

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. Benjamin Moses

Vol. XXVII | YEAR OF OUR LORD JESUS CHRIST, 2020 OCTOBER | No. 1


### വിശുദ്ധ വേദപുസ്തകം

**ദയവായി ഈ ഭാഗം മനഃപാഠമാക്കുക**

**കർത്താവിനു സ്തോത്രം**

**മത്തായി 5:1–12**

01. നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുതു.
02. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും.
03. എന്നാൽ സ്വന്തകണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരടു നോക്കുന്നതു എന്തു?
04. അല്ല, സ്വന്തകണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോടു: നില്ലു, നിന്റെ കണ്ണിൽനിന്നു കരടു എടുത്തു കളയട്ടെ എന്നു പറയുന്നതു എങ്ങനെ?
05. കപടഭക്തിക്കാരാ, മുമ്പെ സ്വന്തകണ്ണിൽ നിന്നു കോൽ എടുത്തു കളക; പിന്നെ സഹോദരന്റെ കണ്ണിൽനിന്നു കരടു എടുത്തു കളവാൻ വെടിപ്പായി കാണും.
06. വിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുതു; നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുതു; അവ കാൽകൊണ്ടു അവയെ ചവിട്ടുകയും തിരിഞ്ഞു നിങ്ങളെ ചീന്തിക്കളകയും ചെയ്‌വാൻ ഇടവരരുതു.
07. യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും.
08. യാചിക്കുന്ന ഏവന്നും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്നു തുറക്കും.
09. മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളു?
10. മീൻ ചോദിച്ചാൽ അവനു പാമ്പിനെ കൊടുക്കുമോ?
11. അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും!
12. മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതു തന്നേ.

# ജീവിതം അത്ര സുഖകരമല്ലാതിരിക്കുമ്പോൾ നിങ്ങൾക്ക് എന്താണ് ചെയ്യാൻ സാധിക്കുക?

## WHAT CAN YOU DO WHEN LIFE ISN'T FAIR?

**ജീവിതത്തിൽ ന്യായരഹിതമായ കാര്യങ്ങൾ വ്യാപിക്കുമ്പോൾ, അത് നിങ്ങളുടെ ജീവിതങ്ങളെ ബാധിക്കുമ്പോൾ, നിങ്ങൾ എങ്ങനെ പ്രതികരിക്കും?**

എന്റെ ചെറുപ്പത്തിൽ ഞാൻ ഏറ്റവും കൂടുതൽ കേട്ടിരുന്ന പരാതി "അത് ന്യായമല്ല, എല്ലാ കാര്യങ്ങളും ന്യായമായതായിരിക്കണം" എന്നാണ്.

ഒരിക്കൽ കുടുംബപരമായ ഒരു അന്യായത്തെക്കുറിച്ച് ഞാൻ പരാതി പറഞ്ഞപ്പോൾ "ജീവിതം അത്ര സുഖകരമല്ല" എന്ന സ്ഥിരം മറുപടിയാണ് എന്റെ പിതാവിൽ നിന്നും ലഭിച്ചത്. ജീവിതം മുഴുവനും ന്യായമുള്ളതായിരിക്കണമെന്ന് പ്രതീക്ഷിച്ചാൽ അത് ഒരിക്കലും നടക്കുകയില്ല എന്നതിനാൽ നിരാശപ്പെടേണ്ടിവരും എന്നായിരിക്കും ഞാൻ കൂടുതൽ സംസാരിച്ചാലുള്ള മറുപടി.

ഇങ്ങനെ കേൾക്കുവാൻ എനിക്ക് ഇഷ്ടമില്ല. ഞാൻ മുതിർന്നപ്പോൾ എല്ലാവരുടെയും ജീവിതത്തിൽ അന്യായവും, യുക്തിരഹിതവുമായ പലതും നടക്കുന്നത് കാണുവാൻ സാധിച്ചു.

എന്നിരുന്നാലും നീതിയല്ലാത്ത കാര്യങ്ങൾ എന്നെ അലോസരപ്പെടുത്തുന്നു. പ്രത്യേകിച്ച് സംശയിക്കപ്പെടാൻ ഒരിക്കലും സാദ്ധ്യമല്ലാത്ത വ്യക്തികളെ കരുതിക്കൂട്ടി ആക്രമിക്കുമ്പോൾ! ഒരു കുറ്റവാളി ശിക്ഷിക്കപ്പെടാതെ പോകുമ്പോഴോ മനസ്സാക്ഷി ഇല്ലാത്ത വ്യക്തിക്ക് അനധികൃതമായി ആനുകൂല്യം ലഭിക്കുമ്പോഴോ ഇതുപോലെ നിങ്ങളും ചിന്തിച്ചേക്കാം.

എല്ലാറ്റിനും പുറമെ നിങ്ങൾ വ്യക്തിപരമായി ചതിക്കപ്പെടുമ്പോഴോ, കള്ളം ആരോപിക്കപ്പെടുമ്പോഴോ, ആരെങ്കിലും വിശ്വാസവഞ്ചന കാട്ടുമ്പോഴോ, നിങ്ങളുടെ യശസ്സിനെ കളങ്കപ്പെടുത്തുമ്പോഴോ നിങ്ങൾക്ക് എന്താണ് തോന്നുക?

ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ തെറ്റാണെന്ന് മനസ്സിലാക്കുമ്പോൾ, മനസ്സ് വ്യണ

*3–ാം പേജിൽ തുടരും...*

### Online Sunday Services in ECHO OF HIS CALL YouTube Channel

### ENGLISH to HINDI & ENGLISH to TAMIL



Our Online Church Services are streamed from 10.00 A.M. every Sunday as two messages, English & Tamil and English & Hindi on YouTube through our Channel **Echo of His Call.** You are cordially welcome to join us any time, subscribe it and share them to others. This is a free service.

**Pr. S. SAM SELVA RAJ**

*Touching lives by Teaching...Since 1969*

## ഞങ്ങളുടെ നിയോഗം

**പ്രാചീന അപ്പൊസ്തലന്മാരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്ക് മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.**

തമിഴ്, മലയാളം, ഇംഗ്ലീഷ്, തെലുങ്ക്, ഹിന്ദി, കന്നഡ, മറാത്തി, ബംഗാളി, ആസാമീസ്, പഞ്ചാബി, ഗുജറാത്തി, ഒറിയ, നേപ്പാളി, ഉറുദു, സിംഹളം, ആഫ്രിക്കൻസ് - മാസിക.






**"കണ്ണുനീരോടെ വിതെക്കുന്നവർ ആർപ്പോടെ കൊയ്യും"**
(സങ്കീർത്തനങ്ങൾ 126:5)

ക്രിസ്തുവിൽ പ്രിയ സ്നേഹിതരേ,

വിളിയുടെ പ്രതിധ്വനി എന്ന ഈ മാസികയിലൂടെ ഒരിക്കൽകൂടി നിങ്ങളുടെയടുക്കൽ കടന്നുവരുവാനും കാണുവാനും സാധിച്ചതിൽ ഞങ്ങൾ സന്തോഷിക്കുന്നു. യേശുക്രിസ്തുവിന്റെ അതിപരിശുദ്ധ നാമത്തിൽ നിങ്ങൾക്കു സ്നേഹവന്ദനം!

ലോകം മുഴുവനും വലിയ പിരിമുറുക്കത്തിലൂടെ കടന്നു പോകുന്നു. ചില സ്ഥലങ്ങൾ ഇപ്പോഴും ലോക്ക് ഡൗണിലാണ്. നമ്മിൽ പലർക്കും വരുമാനവും, ആരോഗ്യവും, പ്രിയപ്പെട്ടവരെയുമെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. വചനം ഇപ്പോഴും വിളിച്ചു പറയുന്നത്: "ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ; യഹോവയെ സ്തുതിപ്പിൻ" (സങ്കീർത്തനങ്ങൾ 150:6) എന്നു തന്നെയാണ്.

വാക്കിലൂടെ പറഞ്ഞറിയിക്കാൻ കഴിയാത്ത വളരെയധികം വലിയ പ്രതിസന്ധികളലുടെയും തടസ്സങ്ങളുടെയും മദ്ധ്യേയാണ് ഓരോ മാസവും ഈ മാസിക പുറത്തിറക്കുവാൻ ദൈവം ഞങ്ങളെ കരുണയോടെ കാക്കുന്നത്. ദൈവത്തിന്റെ കൃപ ഒന്നുകൊണ്ടുമാത്രമാണ് ഈ സംരംഭം സാദ്ധ്യമാകുന്നത്. ദൈവത്തിനു മഹത്വം!

നമ്മുടെ സഹഎഡിറ്റർമാർ, കമ്പ്യൂട്ടർ വിദഗ്ധർ, പ്രൂഫ് വായിക്കുന്നവർ, ഓഫീസ് ജീവനക്കാർ എന്നിവരെയും തപാൽ വകുപ്പിലെ ജീവനക്കാരെയും ഓർത്ത് ഞങ്ങൾ ദൈവത്തിന് നന്ദി കരേറ്റുന്നു. ഇവരുടെയൊക്കെ നിസ്സീമമായ സഹകരണവും, കഠിന പരിശ്രമവും കൊണ്ടുമാത്രമാണ് ഓരോ പ്രതികളും നിങ്ങളുടെ കരങ്ങളിൽ എത്തിച്ചേരുന്നത്. ഇവർ നമ്മുടെ സ്നേഹവും ആദരവും അർഹിക്കുന്നു. ദൈവം ഇവരെയെല്ലാം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ!

ലോകം മുഴുവനുമുള്ള ജനത്തിന്റെയും ദൈവത്തിന്റെയും മദ്ധ്യേ ദൈവമക്കൾക്കു നിൽക്കാനുള്ള സമയമാണിത്. നമ്മുടെ ക്ഷേമത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിൽ ഒരു കുറവും വരരുത്. ലോകത്തിൽ അഭൂതപൂർവ്വമായ പുനർജ്ജീവനം അയയ്ക്കുവാനായി നാം ശരിക്കും ദൈവത്തെ നിർബന്ധിക്കണം. ദൈവത്തെക്കുറിച്ച് ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ആശയങ്ങൾ തെറ്റാണെന്ന് ജനത്തിനു ബോധ്യം വരുത്തുവാനും അവരുടെയുള്ളിൽ ദൈവീക വെളിച്ചം കടന്നു വരുവാനും ഈ പ്രാർത്ഥനകൾ സഹായകമാകും.

പകർച്ചവ്യാധി, ക്ഷാമം എന്നിവയുടെ ഈ സമയത്തിൽപോലും ഞങ്ങളുടെ ചില അംഗങ്ങൾ ദശാംശവും സഭകളിലേക്കുള്ള കാണിക്കയും ദാനങ്ങളുമെല്ലാം കൃത്യമായും അയച്ചു തരുന്നുണ്ട്. ഇത് വളരെയധികം വിലമതിക്കുന്നതാണ്. "നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തിപ്രാപിക്കുന്നു; നിന്റെ ആനന്ദ നദി നീ അവരെ കുടിപ്പിക്കുന്നു" (സങ്കീർത്തനങ്ങൾ 36:8).

ദൈവം പറയുന്നു: "നിങ്ങൾ അടുത്തുവന്നു ഇതു കേൾപ്പിൻ; ഞാൻ ആദി മുതൽ രഹസ്യത്തിലല്ല പ്രസ്താവിച്ചിട്ടുള്ളതു; അതിന്റെ ഉത്ഭവകാലം മുതൽ ഞാൻ അവിടെ ഉണ്ട്; ഇപ്പോഴോ യഹോവയായ കർത്താവ് എന്നെയും തന്റെ ആത്മാവിനെയും അയച്ചിരിക്കുന്നു. യിസ്രായേലിന്റെ പരിശുദ്ധനും നിന്റെ വീണ്ടെടുപ്പുകാരനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന നിന്റെ ദൈവമായ യഹോവ ഞാൻ തന്നെ. അയ്യോ, നീ എന്റെ കല്പനകളെ കേട്ടനുസരിച്ചെങ്കിൽ കൊള്ളായിരുന്നു! എന്നാൽ നിന്റെ സമാധാനം നദിപോലെയും നിന്റെ നീതി സമുദ്രത്തിലെ തിരപോലെയും

CHIEF EDITORS
Pastor S. Sam Selva Raj
Angeline Selvakumari Henry, M.A., M.Ed.
MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
ADMINISTRATION
Bro. N. Prakasam, M.A., General Manager
EDITORIAL BOARD
Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M. Phil., B.Ed.
ADVISORY BOARD
Adv. Jose Abraham
Adv. N. Balaji, B.Com., B.L.
Dr. S. Rabinder Boaz, M.S.
Er. C.G.S. Baburao, B.Tech., M.Tech. (DM)
Aud. K. Puratchivendan, M.Com., B.L.
Bro. Rajeswaran Samuel, B.Com.
PUBLISHER & PRINTER
Pastor S. SAM SELVA RAJ
**Echo of His Call Printers**
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
**Phone :** (+91-44) 2852 8282
2852 9293, 2854 7766
**Email :** sam@echoofhiscall.org
biblecor@yahoo.co.in
**Websites :**
www.echoofhiscall.org
www.echoofhiscall.com

**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) ▪ BIBLECOR - Postal Courses (3 languages) ▪ Theological Correspondence Courses (2 languages) ▪ Church Planting ▪ Nehemiah Bible Colleges ▪ Gospel Printing Press ▪ Great Commission Partners ▪ Village English High School ▪ Crusades ▪ 100 Prayer Warriors ▪ Community Development

ആകുമായിരുന്നു. നിന്റെ സന്തതി മണൽപോലെയും നിന്റെ ഗർഭ ഫലം മണൽത്തരിപോലെയും ആകുമായിരുന്നു. നിന്റെ പേർ എന്റെ മുമ്പിൽ നിന്നു ഛേദിക്കപ്പെടുകയോ നശിച്ചുപോകയോ ചെയ്ക യില്ലായിരുന്നു" (യെശയ്യാവ് 48:16-19). ഇതിൻപ്രകാരം വരുവാനുള്ള ദിവസങ്ങളിൽ ദൈവം നിങ്ങൾക്ക് വൻ കാര്യങ്ങൾ ചെയ്തുതരും.

നിങ്ങൾ അറിയുന്നതുപോലെ എക്കൊ ഓഫ് ഹിസ് കാൾ (Echo of His Call) എന്ന യു ട്യൂബ് ചാനലിലൂടെ എല്ലാ ഞായറാഴ്ചയും ഇംഗ്ലീഷിലും ഹിന്ദിയിലും തമിഴിലുമുള്ള ആരാധനകൾ രാവിലെ 10.00 മണി മുതൽ സംപ്രേഷണം ചെയ്തുവരുന്നു. ഇതിൽ പങ്കാളി കളാകുവാൻ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. ഞങ്ങളുടെ പ്രാർത്ഥന കളിൽ നിങ്ങളെയും ഓർക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ
എസ്. സാംസെൽവരാജ്

---

*1-ാം പേജിന്റെ തുടർച്ച...*

പ്പെട്ട് ദുഃഖിതരായിരിക്കുക എന്നത് സാധാരണയായ മാനുഷിക വികാരമാണ്. ദേഷ്യപ്പെടുകയോ പ്രതികാരം ചെയ്യുകയോ ആയിരിക്കും ഇതിന്റെ പ്രതികരണം.

അല്ലെങ്കിൽ സങ്കടത്തോടെയും വിഷാദത്തോടെയും പിൻവാങ്ങി ഏകാന്തമായ അവസ്ഥയിലേക്ക് മാറ്റപ്പെടുന്നു.

ഇത് അനീതി കൈകാര്യം ചെയ്യുവാനുള്ള ഫലപ്രദമായ വഴിയാണോ? അതോ സൃഷ്ടിപരമായ മറ്റേതെങ്കിലും വഴികളുണ്ടോ? ജീവിതപ്രശ്നങ്ങൾ കാര്യമായ പ്രശ്നങ്ങൾക്കു വഴിതെളിക്കുമ്പോഴോ, ആളുകൾ അന്യായമായും നീതിയുക്തമല്ലാതെയും പെരുമാറുമ്പോഴോ നാം എന്തു ചെയ്യേണം? ഈ സ്വസ്തതയെയും നിരാശയെയും എങ്ങനെ തരണം ചെയ്യാൻ സാധിക്കും?

## ജീവിതത്തിലെ പ്രയാസമേറിയ തുടക്കം!

ആൻ സള്ളിവന്റെ ജീവിതകഥ മനസ്സിലാക്കുവിൻ. മസാച്ച്യുസെറ്റ്സിലെ ഫീഡിംഗ് ഹിൽസ് എന്ന സ്ഥലത്ത് 1866 ഏപ്രിൽ 14 -ാം തീയതി ജനിച്ച ആനിന്റെ ജീവിതം പ്രതികൂലം നിറഞ്ഞതായിരുന്നു. അവൾ കടുത്ത ദാരിദ്ര്യത്തിൽ വളർന്നതിനു പുറമെ മദ്യപാനിയായ സ്വന്തം പിതാവിൽ നിന്നും ശാരീരികമായ ദണ്ഡനങ്ങളും ഏറ്റുവാങ്ങേണ്ടിവന്നു. അഞ്ചാമത്തെ വയസ്സിൽ അവളുടെ കണ്ണിൽ മാരകമായ അണുബാധയുണ്ടാകുകയും ശരിയായ ചികിത്സ ലഭിക്കാത്തതിനാൽ പൂർണ്ണമായി കാഴ്ച നഷ്ടപ്പെട്ടു പോകുമെന്ന അവസ്ഥയും ഉണ്ടായി.

ആനിന് എട്ടുവയസ്സായപ്പോൾ അമ്മ ആലീസ് സള്ളിവൻ ക്ഷയരോഗം ബാധിച്ച് മരിച്ചുപോയി. തനിക്ക് ഒറ്റയ്ക്ക് രണ്ടുകുട്ടികളെയും വളർത്താൻ സാധിക്കാത്തതിനാൽ ആനിനെയും സഹോദരൻ ജെയിംസിനെയും മസ്സിലെ ടെക്സ്‌വെറിയിലെ സർക്കാർ ആതുരാലയത്തിൽ ആ പിതാവ് ഉപേക്ഷിച്ചുപോയി.

സാമ്പത്തിക ബാദ്ധ്യതയും, അംഗങ്ങളുടെ തിരക്കും, കെട്ടിടം യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതും കാരണം ഈ സ്ഥാപനത്തിന്റെ അവസ്ഥ പരിതാപകരമായിരുന്നു.

ഈ ആതുരാലയത്തിലെ നാലു വർഷക്കാലത്തെ താമസത്തിനടയ്ക്ക് ആൻ രണ്ട് ശസ്ത്രക്രിയയ്ക്ക് വിധേയയായി. എന്നിരുന്നാലും 1880 ഒക്ടോബർ മാസം അവൾക്ക് 14 വയസ്സ് തികഞ്ഞപ്പോൾ മസാച്ച്യുസെറ്റ്സിലെ ബോസ്റ്റണിൽ കാഴ്ചരഹിതരായവർക്കുവേണ്ടിയുള്ള പെർക്കിൻസ് സ്കൂൾ ഫോർ ദി ബ്ലൈന്റ് എന്ന സ്ഥാപനത്തിൽ പഠിക്കുവാൻ അവൾക്ക് അനുവാദം ലഭിച്ചു.

## തടസ്സങ്ങളെ അതിജീവിക്കുന്നു

പെർക്കിൻസ് സ്കൂളിലായതോടുകൂടി അവളുടെ സ്ഥിതി മെച്ചപ്പെടുവാൻ തുടങ്ങി. അവളുടെ കണ്ണുകൾക്ക് കൂടുതൽ ചികിത്സ ലഭിച്ചതിനാൽ കാഴ്ചശക്തി വർദ്ധിപ്പിക്കുവാനും അല്പസമയം വായിക്കുവാനുമുള്ള കഴിവ് ലഭിച്ചു. ഈ അവസരത്തിൽ അവൾ തന്റെ വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ തുടങ്ങി. ബധിരരും അന്ധരുമായ സുഹൃത്തുക്കളോട് ആശയവിനിമയം നടത്തുവാനുള്ള ആംഗ്യഭാഷയും വശമാക്കി. വളരെ സൂക്ഷ്മതയോടെ അവൾ പഠിച്ചതിനാൽ അവൾക്ക് ഉന്നതമായ വിജയത്തോടെ ബിരുദം നേടുവാൻ സാധിച്ചു.

സഹപാഠികളോടുള്ള വിടവാങ്ങൽ സന്ദേശത്തിൽ അവൾ ഇങ്ങനെ പറഞ്ഞു: "സഹബിരുദധാരികളേ, നാം ജീവിതത്തെ മുഖാമുഖം കാണുവാനും അനുഭവിക്കുവാനും ആരംഭിക്കുകയാണ്. നമുക്ക് സന്തോഷത്തോടെയും പ്രതീക്ഷയോടെയും ഉത്സാഹത്തോടെയും ലോകത്തിലേക്ക് ഇറങ്ങിച്ചെന്ന് നമ്മുടെ ഭാഗം നമുക്ക് കണ്ടെത്താം. ആ ഭാഗം നാം കണ്ടെത്തുമ്പോൾ പൂർണ്ണമനസ്സോടെയും വിശ്വസ്തതയോടെയും അത് ചെയ്യുക. നാം അതിജീവിക്കുന്ന ഓരോ തടസ്സങ്ങളും, നാം നേടുന്ന ഓരോ വിജയവും ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നതുപോലെ ഓരോരുത്തരെയും ദൈവവുമായി കൂടുതൽ അടുപ്പിക്കുവാൻ ശ്രമിക്കുക".

പെർക്കിൻസ് സ്കൂളിലെ നിരവധി അദ്ധ്യാപകരും ജീവനക്കാരും ആനിന്റെ ക്രീയാത്മകമായ മനോഭാവം, കഴിവുകൾ, ബുദ്ധിശക്തി, സ്ഥിരോത്സാഹം എന്നിവയിൽ വളരെയധികം മതിപ്പുണ്ടാക്കി. അതിനാൽ അലബാമയിടെ സ്കുംബിയയിലെ കെല്ലർ കുടുംബം അവരുടെ ഊമയും ബധിരയും അന്ധയുമായ മകളുടെ അദ്ധ്യാപികയായും ഉപദേഷ്ടാവുമായ ആനിനെ സ്വീകരിച്ചു.

## പ്രതികരണം എങ്ങനെയെന്ന് ഞങ്ങൾ തിരഞ്ഞെടുക്കുന്നു

ആൻ സള്ളിവന്റെ കഥ എന്താണ് വിശദീകരിക്കുന്നത്? ചെറുപ്പത്തിൽ അവൾ നേരിട്ട കാര്യമാത്ര പ്രസക്തിയുള്ള പ്രശ്നങ്ങൾ കണക്കിലെടുത്താൽ അവൾക്ക് നിരാശയും കോപവും അമർഷവുമൊക്കെ ഉണ്ടാകാമായിരുന്നു. അവളെ വളർത്തിയതിലെ അപാകതയും അനീതിയെയും കുറിച്ച് നിരന്തരമായി പരാതിപ്പെട്ടുകൊണ്ടിരിക്കാമായിരുന്നു.

പക്ഷെ, അവൾ അങ്ങനെ ചെയ്യാതെ തന്റെ സാഹചര്യങ്ങൾക്കെതിരെ പോരാടി പുതിയ സാദ്ധ്യതകൾ കണ്ടെത്തുവാനും, അവളുടെ താലന്തുകളും കഴിവുകളും വികസിപ്പിക്കുവാനും ശ്രമിച്ചു. അങ്ങനെ പ്രവർത്തിച്ചതിനാൽ അവൾ വൈകാരികമായ പക്വതയിലും നല്ല സ്വഭാവത്തിലും വളർന്നു വന്നു.

തന്റെ പോരായ്മകളെ വളരെ ക്രീയാത്മകമായി കൈകാര്യം ചെയ്യാൻ ആൻ സള്ളിവൻ ബോധപൂർവ്വം ശ്രമിച്ചതുപോലെ, അനീതിയും അസമത്വവും അനുഭവിക്കുമ്പോൾ നമുക്കും നല്ലത് തിരഞ്ഞെടുക്കുവാൻ സാധിക്കും. അടുത്തകാലത്ത് നാം അനുഭവിച്ച പ്രയാസമേറിയ തിരിച്ചടിയോ അല്ലെങ്കിൽ ആൻ നേരിട്ടതുപോലെയുള്ള ദീർഘകാലം പ്രയാസ സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നാലോ, നാം എങ്ങനെ പ്രതികരിക്ക

ണമെന്ന് നമുക്കു തന്നെ തിരഞ്ഞെടുക്കാം. ഇങ്ങനെയുള്ള തിരഞ്ഞെടുപ്പുകളെക്കുറിച്ച് അനേകം ഉദാഹരണങ്ങൾ നമുക്ക് വേദപുസ്തകത്തിൽ നിന്ന് കാണുവാനും മനസ്സിലാക്കുവാനും സാധിക്കും.

## യോസേഫും സഹോദരന്മാരും

യോസേഫിനെക്കുറിച്ച് നമുക്ക് ചുരുക്കമായി ചിന്തിക്കാം. തന്റെ സഹോദരന്മാർ ആടുകളെ മേയ്ക്കുന്നതിനെക്കുറിച്ചുള്ള ഒരു കുറവ് പിതാവായ യാക്കോബിന്റെ സന്നിധിയിൽ യോസേഫ് പറയുന്നതു മുതലാണ് ആരംഭം (ഉല്പത്തി. 37:1,2). യോസേഫിന്റെ വിവരണം സഹോദരന്മാരെ അസ്വസ്ഥരാക്കി. മാത്രമല്ല, തങ്ങളുടെ പിതാവ് തങ്ങളെക്കാൾ യോസേഫിനെ അനുകൂലിക്കുന്നുവെന്നും സഹോദരന്മാർക്കു മനസ്സിലായി (ഉല്പത്തി 37:3). അന്യായമെന്ന് സഹോദരന്മാർ വിചാരിക്കുന്ന ഈ കാരണങ്ങളാണ് നീരസത്തിന്റെ തീവ്രമായ വികാരങ്ങളിലേക്ക് അവരെ നയിച്ചത്.

തങ്ങളുടെ പിതാവും സഹോദരന്മാരും യോസേഫിനെ വണങ്ങുന്നതായി അവൻ രണ്ടു പ്രാവശ്യം സ്വപ്നം കണ്ടത് സ്ഥിതി കൂടുതൽ വഷളാക്കി. അങ്ങനെ സഹോദരന്മാർ കൂടുതൽ പ്രകോപിതരായി (ഉല്പത്തി 37:5-11).

ഇങ്ങനെയിരിക്കുന്ന അവസരത്തിൽ തന്റെ സഹോദരന്മാരെ സന്ദർശിക്കുവാൻ യാക്കോബ് യോസേഫിനെ അയയ്ക്കുന്നു. ഈ സമയംകൊണ്ട് സഹോദരന്മാർക്ക് യോസേഫിനോടുള്ള നീരസം അങ്ങേയറ്റം വഷളാകുകയും അവനെ എങ്ങനെയെങ്കിലും കൊന്നു കളയുവാൻ തീരുമാനമെടുക്കുകയും ചെയ്യുന്നു (ഉൽപ്പത്തി 37:18-20).

കുറച്ചു സമയത്തേയ്ക്ക് അവരെ ശാന്തരാക്കുവാൻ ഏറ്റവും മൂത്ത സഹോദരനായ രൂബനു കഴിഞ്ഞു (ഉൽപ്പത്തി. 37:21-24). പക്ഷെ പിന്നീട്, രൂബൻപോലുമറിയാതെ യോസേഫിനെ യിശ്മായേല്യ കച്ചവടക്കാർക്ക് വിറ്റുകളഞ്ഞു.

അവരുടെ ചതി മറയ്ക്കുവാനായി ഒരു ആടിനെ കൊന്ന് യോസേഫിന്റെ അങ്കി ആ രക്തത്തിൽ മുക്കി യാക്കോബിന്റെയടുക്കൽ കൊണ്ടുവന്നിട്ട് ഏതോ വന്യമൃഗം യോസേഫിനെ ആക്രമിച്ചു കൊന്നുകളഞ്ഞു എന്നു പറഞ്ഞു. യാക്കോബ് അതികഠിനമായ വേദനയോടെ കരഞ്ഞ് വിലപിച്ചു, ആശ്വസിപ്പിക്കാൻ ആരെയും സമ്മതിച്ചതുമില്ല.

## യോസേഫിന്റെ പ്രതികരണം

താൻ അന്യായമായി സഹിച്ച എല്ലാ പ്രവൃത്തികളും കണക്കിലെടുത്ത് അനേകം മണിക്കൂറുകൾ കയ്പ്പുതയുടെ ചിന്തയിൽ മുഴുകി പ്രതികാരദാഹിയായി മാറുവാൻ യോസേഫിന് കഴിയുമായിരുന്നു. എങ്കിലും അവൻ അങ്ങനെ ചെയ്തില്ല.

അതിനു പകരമായി തന്റെ താലന്തുകളും ശക്തിയുമെല്ലാം, ദൈവത്തിലാശ്രയിച്ചു കൊണ്ട്, ശ്രദ്ധതിരിച്ച് നല്ലതുമാത്രം ചെയ്യുവാൻ യോസേഫ് ശ്രമിക്കുന്നു. പിന്നീട് യോസേഫ് ഈജിപ്റ്റിലെ ഉന്നത ഉദ്യോഗസ്ഥനായിരുന്ന സമയം തന്റെ സഹോദരന്മാർക്ക് ഈജിപ്റ്റിൽ വരുവാനുള്ള സാഹചര്യം ഉണ്ടായപ്പോൾ അവൻ അവരോട് ദയയോടും ഔദാര്യത്തോടും ക്ഷമയോടും പെരുമാറുവാൻ തീരുമാനിച്ചു. സഹോദരന്മാർ അന്ന് അവനോട് അങ്ങനെ പ്രവർത്തിച്ചതിലൂടെ അനേകരുടെ ജീവൻ രക്ഷിക്കുവാൻ ദൈവം അവനിലൂടെ പ്രവർത്തിച്ചു എന്നുംകൂടെ അവൻ പറഞ്ഞു (ഉൽപ്പത്തി 50:15-21).

തനിക്ക് എന്തു സംഭവിച്ചു എന്നതിനെക്കാൾ ഉപരി ഒരുവന്റെ പെരുമാറ്റം എങ്ങനെയായിരിക്കുന്നു എന്നതാണ് പ്രശംസനീയം എന്ന് യോസേഫിന്റെ പ്രവർത്തനത്തിലൂടെ മനസ്സിലാക്കുവാൻ സാധിക്കും.

നീതിയുക്തമല്ലാത്ത കാര്യങ്ങളെ ശരിയാക്കുവാൻ ദൈവത്തിന് പൂർണ്ണമായി കഴിയും. ഇങ്ങനെ നീതിയുക്തമല്ലാത്ത കാരണങ്ങളാൽ കഷ്ടപ്പെടുന്നവർ തന്നിൽ പൂർണ്ണമായി വിശ്വസ്തരായിരിക്കുന്നോയെന്ന് ദൈവം ശ്രദ്ധിച്ച് നോക്കുന്നു. "ഒരുത്തൻ ദൈവത്തോടുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദുഃഖവും സഹിച്ചാൽ അത് പ്രസാദം ആകുന്നു" (1 പത്രൊസ് 2:19).

## ദൈവം ന്യായരഹിതമായ സാഹചര്യങ്ങളും സംഭവങ്ങളും അനുവദിക്കുന്നു.

"യഹോവേ, നിന്റെ വിധികൾ നീതിയുള്ളവയെന്നും വിശ്വസ്തതയോടെ നീ എന്നെ താഴ്ത്തിയിരിക്കുന്നു എന്നും ഞാൻ അറിയുന്നു" (സങ്കീർത്തനങ്ങൾ 119:75).

വിശ്വാസത്തിന്റെ അദ്ധ്യായമായ എബ്രായർ 11-ാം അദ്ധ്യായത്തിൽ ദൈവത്തിന്റെ ശുശ്രൂഷകരുടെ കഷ്ടപ്പാടുകളെക്കുറിച്ച് വിവരിച്ചിരിക്കുന്നു. "വേറെ ചിലർ പരിഹാസം, ചമ്മട്ടി, ചങ്ങല, തടവ് ഇവയാലുള്ള പരീക്ഷ അനുഭവിച്ചു. കല്ലേറു ഏറ്റു, ഈർച്ചവാളാൽ അറുക്കപ്പെട്ടു, പരീക്ഷിക്കപ്പെട്ടു, വാളാൽ കൊല്ലപ്പെട്ടു, ജഡയാടുകളുടെയും കോലാടുകളുടെയും തോൽ ധരിച്ചു, ബുദ്ധിമുട്ടും ഉപദ്രവവും കഷ്ടവും സഹിച്ചു, കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു; ലോകം അവർക്ക് യോഗ്യമായിരുന്നില്ല".

യേശുക്രിസ്തു പരിപൂർണ്ണമായി പാപരഹിതമായ ജീവിതം നയിച്ചു എങ്കിലും തനിക്കു ലഭിച്ച ദയയില്ലാത്ത നടപടികൾ അല്പം പോലും അർഹിക്കുന്നതായിരുന്നില്ല (മത്തായി 16:21). ഇത്തരം ക്രൂരമായ പ്രവർത്തനങ്ങൾക്കെതിരെ യേശു എങ്ങനെയാണ് പ്രതികരിച്ചത്? തന്റെ എല്ലാ സാഹചര്യങ്ങളെയും പിതാവിന്റെ കരങ്ങളിൽ സമ്പൂർണ്ണമായി സമർപ്പിച്ചു. "തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രെ ചെയ്തത്" (1പത്രൊസ് 2:23). എന്നാൽ യേശു "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതു എന്ന് അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമേ എന്നു പറഞ്ഞു പ്രാർത്ഥിച്ചു".

## ഇന്നത്തെ ലോകത്തിനപ്പുറത്തേയ്ക്ക് നോക്കുമ്പോൾ

എന്താണ് ദൈവം നൽകുന്ന സന്ദേശം? നാം അന്യായമായി കഷ്ടം അനുഭവിക്കുമ്പോൾ ക്രിസ്തുപ്രതികരിച്ചതുപോലെ ആയിരിക്കുവാനാണ്. "എല്ലാവരോടും സമാ

*6-ാം പേജിൽ തുടരും...*

**നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർ ബ്രദർ. മാനുവേൽ എം. പോൾരാജ് രചിച്ച പുതിയ പുസ്തകം**

അസ്സോസിയേറ്റ് എഡിറ്റർ ബ്രദർ. മാനുവേൽ എം. പോൾരാജ് ഇംഗ്ലീഷിൽ രചിച്ച **"ദൈവരാജ്യം"** (KINGDOM OF GOD) എന്ന പുസ്തകത്തിന്റെ അച്ചടി പുരോഗമിക്കുന്നു. ഈ മാസത്തിന്റെ അവസാനത്തോടെ അത് പ്രസിദ്ധീകരിക്കും. 130/- രൂപയാണ് വിലയായി നിശ്ചയിച്ചിരിക്കുന്നത്. ആവശ്യമുള്ളവർ ഞങ്ങളുമായി ബന്ധപ്പെടുക.

*- എഡിറ്റർ*

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES
SINCE 1969

# പരമനിയോഗദൗത്യ പങ്കാളികൾ

## പങ്കിടൽ (ഗലാത്യർ 6:2), സഹായം (റോമർ 12:13)

## വേഗത കൂടുതൽ (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു! സ്തോത്രത്തിനായി

**സെപ്റ്റംബർ 19** : കർത്താവായ ദൈവം കോവിഡ് 19 ൽ നിന്നും നമ്മെ വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

**സെപ്റ്റംബർ 20** : സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷവുമായി കടന്നു ചെല്ലുവാൻ സഹായിച്ചതിനായി.

**സെപ്റ്റംബർ 21** : നമ്മുടെ എല്ലാ സംസ്ഥാന കോഡിനേറ്റർമാർക്കായും

**സെപ്റ്റംബർ 22** : നമ്മുടെ 16 ഭാഷകളിലുള്ള പ്രസിദ്ധീകരണങ്ങൾക്കായും, അവ അച്ചടിച്ച നമ്മുടെ പ്രിന്റിംഗ് പ്രസ്സിനായും മിഷൻ ഫീൽഡുകളിൽ അവ എത്തിച്ചതിനായും.

**സെപ്റ്റംബർ 23** : നമ്മുടെ മുഖ്യസഭയിലെ സഹപ്രവർത്തകർക്കായി.

**സെപ്റ്റംബർ 24** : വിളിയുടെ പ്രതിധ്വനിയുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, ഗ്രേറ്റ് കമ്മീഷൻ പങ്കാളികൾ എന്നിവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി.

**സെപ്റ്റംബർ 25** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്ററായ സഹോ. മാനുവേൽ എം. പോൾരാജിന്റെ ആരോഗ്യത്തിനായി.

**സെപ്റ്റംബർ 26** : നമ്മുടെ അനുയായികളുടെ പ്രാർത്ഥനയ്ക്കും സഹായ സഹകരണങ്ങൾക്കുമായി.

**സെപ്റ്റംബർ 27** : നമ്മുടെ പ്രാഥമിക ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് - ബൈബിൾകോറിനായും തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സിനായും.

**സെപ്റ്റംബർ 28** : നമ്മുടെ വാഹനങ്ങളെയും ഡ്രൈവർമാരെയും ദൈവം സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിനായി.

**സെപ്റ്റംബർ 29** : കൊറോണ ബാധിച്ചവരെ സഹായിക്കാനും നമ്മുടെ ശുശ്രൂഷകളെ സഹായിക്കാനും മനസ്സായ നല്ല ഹൃദയത്തിനുടമകൾക്കായി.

**സെപ്റ്റംബർ 30** : നമ്മുടെ ഓൺലൈൻ സഭാശുശ്രൂഷകളെ ദൈവം അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 01** : **വിളിയുടെ പ്രതിധ്വനി** സഭകളുടെ കഴിഞ്ഞ മാസത്തെ പ്രവർത്തന ങ്ങളെ ദൈവം അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 02** : ദുഷ്ടശക്തികളിൽനിന്നും പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം സംരക്ഷിക്കുന്നതിനായി.

**ഒക്ടോബർ 03** : കൊറോണ വൈറസ് പടർന്നു പിടിക്കാതിരിക്കാനുള്ള ദൈവകൃപ ലഭിച്ചതിനായി.

### പ്രാർത്ഥനയ്ക്കായി

**ഒക്ടോബർ 04** : നമ്മുടെ ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്റർ ബ്ര. എം. പോൾരാജിനും കുടുംബത്തിനുമായും, സിസ്റ്റർ സെറീന ബെവിനും കുടുംബാംഗങ്ങൾക്കുമായി.

**ഒക്ടോബർ 05** : ആഫ്രിക്കൻസ് അസ്സോസിയേറ്റ് എഡിറ്റർ സിസ്റ്റർ മാർജീ നെൽസനും കുടുംബാംഗങ്ങൾക്കുമായി.

**ഒക്ടോബർ 06** : ഉർദു അസ്സോസിയേറ്റ് എഡിറ്റർ ബ്ര. സന്തോഷ്കുമാർ ചന്താനിക്കും കുടുംബത്തിനും സഹായികൾക്കുമായി.

**ഒക്ടോബർ 07** : മലയാളം അസ്സോസിയേറ്റ് എഡിറ്റർ ബ്ര. ബെഞ്ചമിൻ മോസസിനും കുടുംബത്തിനും സഹായികൾക്കുമായി.

**ഒക്ടോബർ 08** : തെലുങ്ക് അസ്സോസിയേറ്റ് എഡിറ്റർ പാസ്റ്റർ. എൻ. മോഹൻ ബാബുവിനും കുടുംബത്തിനും സഹായികൾക്കുമായി.

**ഒക്ടോബർ 09** : ഹിന്ദി അസ്സോസിയേറ്റ് എഡിറ്റർ സിസ്റ്റർ. ഡൊറോത്തി തോമസിനും കുടുംബത്തിനും സഹായികൾക്കുമായി.

**ഒക്ടോബർ 10** : കന്നഡ അസ്സോസിയേറ്റ് എഡിറ്റർ റവ. ആർ. രാമകൃഷ്ണയ്ക്കും കുടുംബത്തിനും സഹായികൾക്കുമായി.

**ഒക്ടോബർ 11** : മറാത്തി അസ്സോസിയേറ്റ് എഡിറ്റർ റവ. ശശി തിവാരിക്കും കുടുംബത്തിനും സഹായികൾക്കുമായി.

**ഒക്ടോബർ 12** : ഗുജറാത്തി അസ്സോസിയേറ്റ് എഡിറ്റർ ബ്ര. പങ്കജ് വാഡിയയ്ക്കും കുടുംബത്തിനും സഹായികൾക്കുമായി.

**ഒക്ടോബർ 13** : ബംഗാളി അസ്സോസിയേറ്റ് എഡിറ്റർ റവ. അഞ്ജൻ കുമാർ സിംഗിനും കുടുംബത്തിനും ബ്ര. ഇന്ദ്രജിത്ത് റോയിക്കും സഹായികൾക്കുമായി.

**ഒക്ടോബർ 14** : ഒഡിയ അസ്സോസിയേറ്റ് എഡിറ്റർ സിസ്റ്റർ സുരാമ സാമുവേലിനും കുടുംബത്തിനും സഹായികൾക്കുമായി.

**ഒക്ടോബർ 15** : നേപ്പാളി അസ്സോസിയേറ്റ് ബ്ര. ഭുബൻ പ്രസാദ് ദേവ്കോട്ടയ്ക്കും ഭാര്യയ്ക്കും സഹായികൾക്കുമായി.

**ഒക്ടോബർ 16** : സിൻഹള അസ്സോസിയേറ്റ് എഡിറ്റർ റവ. സ്റ്റീഫൻ ജോസഫിനും കുടുംബത്തിനും സഹായികൾക്കുമായി.

**ഒക്ടോബർ 17** : ആസാമീസ് അസ്സോസിയേറ്റ് എഡിറ്റർ ശ്രീമതി. ബൊർണാലി താപ്പാ രാജിനും കുടുംബത്തിനും സഹായികൾക്കുമായി.

**ഒക്ടോബർ 18** : പഞ്ചാബി അസ്സോസിയേറ്റ് എഡിറ്റർമാരായ ബ്ര. ആശിഷ്, ബ്ര. വിശ്വാസ് മസീഹ് എന്നിവർക്കും കുടുംബത്തിനും സഹായികൾക്കുമായി.

...4-ാം പേജിന്റെ തുടർച്ച

ധാനം ആചരിപ്പിൻ" (എബ്രായർ 12:14). ന്യായമല്ലാത്ത കാര്യങ്ങളാൽ നാം പീഡിപ്പിക്കപ്പെടുമ്പോൾ സ്നേഹത്തോടും ക്ഷമയോടും അതിനെ നേരിടാൻ യേശുകർത്താവ് തന്റെ അനുയായികളെ ഉദ്ബോധിപ്പിക്കുന്നു (മത്തായി 5:44-45).

ന്യായമല്ലാത്ത പ്രവൃത്തികൾക്കെതിരെ മാന്യമായി സ്വയപ്രതിരോധം നടത്താൻ കഴിയുന്ന ചില ഉദാഹരണങ്ങൾ ഉണ്ടാകാം. സൈനിക അധികാരികളുടെ മോശമായ പെരുമാറ്റത്തിൽ നിന്നും രക്ഷനേടുവാനായി പൌലൊസ് തന്റെ റോമാ പൗരത്വത്തിന്റെ അവകാശങ്ങൾ ഉപയോഗിച്ചത് ഇതിന് ഒരു ഉദാഹരണം മാത്രം (പ്രവൃത്തികൾ 22:25).

മറ്റൊരു വ്യക്തിയുമായി അഭിപ്രായവ്യത്യാസമുണ്ടായാൽ അത് നീതിയോടെ പരിഹരിക്കുവാനായി സമാധാനത്തോടും തന്ത്രപരവുമായി ചർച്ച ചെയ്യുവാൻ ആ വ്യക്തിയുടെ അടുക്കൽ നേരിട്ടു ചെല്ലണമെന്ന് വേദപുസ്തകം ഉപദേശിക്കുന്നു (മത്തായി 18:15,16; ഗലാത്യർ 6:1,2).

ഈ കാലഘട്ടത്തിൽ ന്യായവും തൃപ്തികരവുമായനീതി എപ്പോഴും ലഭിക്കുകയില്ലെന്ന് പൗലൊസ് തിരിച്ചറിയുന്നു (ഗലാത്യർ 1:4; ലൂക്കൊസ് 4:6). ഭാവിയിലേക്ക് നോക്കുമ്പോൾ, "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു" (റോമർ 8:18) എന്ന് പൗലൊസ് പറഞ്ഞു.

### അന്തിമ ഉത്തരം

എല്ലാവരും ന്യായമല്ലാത്ത കാര്യങ്ങൾ അനുഭവിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അനീതി സഹിക്കുവാൻ നിയോഗിക്കപ്പെട്ട ആൻ സള്ളിവൻ, യുവാവായ യോസേഫ്, യേശുക്രിസ്തു തുടങ്ങിയവരുടെ കാര്യത്തിലും ഇത് സത്യമാണ്. അന്യായമായ പ്രവൃത്തികളോട് നാം എങ്ങനെ പ്രതികരിക്കുന്നു എന്നതാണ് ഓർമ്മിക്കേണ്ട പ്രധാന തത്ത്വം.

ന്യായമല്ലാത്ത പ്രവൃത്തികളോട് കോപത്തോടും കയ്പോടും പ്രതികാരത്തോടും പ്രതികരിക്കുന്നത് ഉചിതമായ കാര്യമല്ല (എഫെസ്യർ 4:31-32). മറിച്ച് ദൈവത്തിൽ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നത് യഥാർത്ഥമായ മനസമാധാനത്തിന് കാരണമാകുന്നു, നിത്യജീവനും ലഭ്യമാകുന്നു (ഫിലിപ്പിയർ 4:6,7; മത്തായി 19:17).

യേശുക്രിസ്തു ഭൂമിയിൽ രാജാവായി വാഴുന്ന നാളുകൾ അടുത്തുവരുന്നു (വെളിപ്പാട് 5:10; 11:15; 20:1-5). ആ ദിവസം പുലരുമ്പോൾ നാം വ്യക്തിപരമായി അനുഭവിച്ചതുമായ എല്ലാ അന്യായങ്ങളും ഭൂതകാലത്തിൽ ആകുകയും മറന്നു പോകുകയും ചെയ്യും (റോമർ 8:18; 35:39).

അതിനാൽ ഇനി ആരെങ്കിലും നിങ്ങളോട് ന്യായമല്ലാതെ പെരുമാറി എന്നു തോന്നുമ്പോൾ നിങ്ങൾ എങ്ങനെയായിരിക്കും പ്രതികരിക്കുക? "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്; നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു" (റോമർ 8:28). ജീവിതം അന്യായമായി എന്നു കാണുമ്പോഴോ അങ്ങനെ തോന്നുമ്പോഴോ ഈ ദൈവവചനത്തെ മുറുകെ പിടിക്കുവിൻ. അത് നമ്മെ വിടുവിക്കും.

**- ജോൺ ലാബിസോണിയർ**

# സഭയുടെ വളർച്ചയ്ക്ക് പ്രാർത്ഥനയുടെ ശക്തി!

**ഡേവിഡ് യോങ്കി ചോ**

സഭയുടെ വളർച്ചയ്ക്കുവേണ്ടിയുള്ള ഒരു പ്രധാന കാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭ വളരണമെങ്കിൽ ദൈവത്തിൽ നിന്നും സ്വീകരിക്കുവാൻ നാം തയ്യാറെടുക്കണം. സഭയുടെ വളർച്ച സ്വാഭാവികമായി ഉണ്ടാകേണ്ടതാണ്. അതിന് ആവശ്യമായിരിക്കുന്ന ആദ്യത്തെ കാര്യം ശക്തമായ പ്രാർത്ഥനയാണ്.

പ്രാർത്ഥനകൂടാതെ സഭ വളരുമെന്ന് നിങ്ങൾക്ക് സ്വപ്നംപോലും കാണാൻ സാധിക്കുകയില്ല. അനേകർ സ്വന്തം പ്രയത്നത്തിലൂടെയും അടവുകളിലൂടെയും സഭയ്ക്ക് വളർച്ച നേടുവാൻ തയ്യാറെടുക്കുന്നു. പക്ഷെ പരാജയപ്പെടുന്നു. സഭയുടെ വളർച്ച പരിശുദ്ധാത്മാവിലൂടെയാണ് സാദ്ധ്യമാവുക, അതിന് ശക്തമായ പ്രാർത്ഥനയാണ് ആവശ്യമായിരിക്കുന്നത്.

ദൈവത്തിന് സ്തുതിയും ആരാധനയും കരേറ്റുവാനാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. ദൈവത്തിനുവേണ്ടിയുള്ള ശുശ്രൂഷയാണ് അങ്ങ് ആഗ്രഹിക്കുന്നത്. നമ്മുടെ ശുശ്രൂഷകൾ, കുടുംബങ്ങൾ, മറ്റുള്ള കാര്യങ്ങൾ എന്നിവർക്കുവേണ്ടിയെല്ലാം പ്രാർത്ഥിച്ചതിനുശേഷമാണ് ദൈവത്തിനു വേണ്ടി നാം പ്രാർത്ഥിക്കുന്നത്. അത് വളരെ വലിയ തെറ്റാണ്. ദൈവത്തിനു വേണ്ടിയുള്ള ശുശ്രൂഷയ്ക്കുവേണ്ടിയാണ് നാം ആദ്യം പ്രാർത്ഥിക്കേണ്ടത്. അതിനുവേണ്ടിയാണ് ദൈവം നിങ്ങളെ ഈ ലോകത്തിൽ വിളിച്ച് ആക്കിയിരിക്കുന്നത്.

ദൈവം സർവ്വശക്തനാണ്, അവന് നമ്മുടെ കൂട്ടായ്മ ആവശ്യമില്ല എന്നൊക്കെ പറയുന്നത് കടുത്ത നുണയാണ്. ദൈവം സ്നേഹമാണ്. എന്നാൽ ആ സ്നേഹത്തിൽ കൂട്ടായ്മക്കായുള്ള അതിരു കവിഞ്ഞ വാഞ്ചയുണ്ട്. നിങ്ങൾ നിങ്ങളുടെ ഭർത്താവിനെയോ ഭാര്യയെയോ കൂടുതൽ സ്നേഹിക്കുന്നുവെങ്കിൽ ഒരുമിച്ച് ആയിരിക്കുവാൻ കൂടുതൽ സമയം വേർതിരിക്കുന്നു. കാരണം സ്നേഹം കൂട്ടായ്മ ആഗ്രഹിക്കുന്നു. ദൈവത്തിന് നമ്മോട് അതിരുകവിഞ്ഞ സ്നേഹമുണ്ട്. അതിനാൽ ആഴമേറിയ കൂട്ടായ്മ അവൻ ആഗ്രഹിക്കുന്നു.

വെളിപ്പാട് 4:11, "കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ!"

സ്തുതിയും ആരാധനയും പ്രാർത്ഥനയോടും കൂടെ ദൈവവുമായി കൂട്ടായ്മ ആചരിക്കുക എന്നതാണ് പരമ പ്രധാനമായ കാര്യം. വളരെയധികം തിരക്കുള്ളതിനാൽ പ്രാർത്ഥിക്കാനുള്ള സമയംകണ്ടെത്തുവാൻ സാധിക്കുന്നില്ല എന്ന് അനേകംപേർ എന്നോടു പറഞ്ഞിട്ടുണ്ട്. ഇവരുടെയൊക്കെ സഭയിൽ 500 പേരോ 1000 പേരോ ഉണ്ടായിരിക്കാം. അതിനാൽ ഇതിനെ ഒരു ന്യായമായി കണക്കാക്കാൻ കഴിയുകയില്ല. എനിക്ക് 7,00,000 പേരുമായുള്ള സഭയുണ്ട്. പക്ഷെ എനിക്ക് പ്രാർത്ഥിക്കാൻ സമയം ലഭിക്കാറുണ്ട്. ദൈനംദി

നം അനേകം ജോലികൾ എന്റെ മുമ്പിൽ കുമിഞ്ഞു കൂടാറുണ്ട്. എന്റെ കീഴിൽ 700 ശുശ്രൂഷകരും ഞങ്ങളുടെ കെട്ടിടത്തിൽ 700 ജീവനക്കാരും, ഞങ്ങളുടെ പത്രത്തിൽ ലണ്ടൻ, പാരീസ്, വാഷിംഗ്ടൺ ഡി.സി., ന്യൂയോർക്ക്, മോസ്‌ക്കോ തുടങ്ങി ലോകം മുഴുവനും 800 ലധികം റിപ്പോർട്ടർമാരും ഉണ്ട്. ഇവരുടെയെല്ലാം കാര്യങ്ങളിൽ ഞാനാണ് തീരുമാനമെടുക്കേണ്ടത്. ഇവരുടെയെല്ലാം കാര്യങ്ങളിൽ ഇടപെടുന്നതിനു മുമ്പ് ദൈവവുമായി ആവശ്യത്തിനുള്ള സമയം ചെലവാക്കിയിരിക്കും.

ഞാൻ ദൈവവുമായുള്ള കൂട്ടായ്മയ്ക്ക് സമയമെടുത്ത് അവന്റെ നീതിയും സമാധാനവും സന്തോഷവും അനുഭവിക്കുന്നതുവരെ ആയിരിക്കും. അപ്പോൾ അവൻ ഇന്നത്തേയ്ക്കു മതി എന്നു പറയും. എന്നിട്ട് അവൻ തന്റെ അത്ഭുതകരമായ സന്തോഷം കൊണ്ട് നിറയ്ക്കും. എന്നിട്ട് ദൈവസന്നിധിയിൽ നിന്ന് ഞാൻ പുറത്തുവരുമ്പോൾ അവന്റെ സാന്നിദ്ധ്യം എന്നോടൊപ്പം പോരുന്നു. അതിനാൽ എനിക്ക് ശക്തിയോടെയും ഫലപ്രദമായും ശുശ്രൂഷിക്കുവാൻ സാധിക്കുന്നു. ശൂന്യമായ ആചാരങ്ങളിലൂടെ ജനത്തെ സഹായിക്കാൻ നിങ്ങൾക്കു കഴിയുകയില്ല. ദൈവത്തിന്റെ നീതി, സന്തോഷം, സമാധാനം എന്നിവയിലൂടെ ജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നു എങ്കിൽ യഥാർത്ഥമായി അവരെ സഹായിക്കുവാൻ കഴിയും. ദൈവത്തിന്റെ യഥാർത്ഥ ശക്തിയില്ലാതെ നിങ്ങൾ ചലിക്കുകയാണെങ്കിൽ നിങ്ങൾ വ്യാജനാണ്. അത് ഭയങ്കരവും അപഹാസ്യവുമാണ്. അതിനാൽ നിങ്ങൾക്ക് ദൈവത്തിന്റെ യഥാർത്ഥ ശുശ്രൂഷകനാകാൻ ആഗ്രഹമുണ്ടെങ്കിൽ കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും ദൈവസന്നിധിയിൽ പ്രാർത്ഥനയോടെ ആയിരിക്കണം.

ഒരു ശുശ്രൂഷകനെന്ന നിലയിൽ വെറും ഒരു മണിക്കൂർ മാത്രം ദൈവസന്നിധിയിൽ ആയിരിക്കുന്നത് അപമാനമാണ്. ഒരു ദിവസം മൂന്നു മണിക്കൂറെങ്കിലും ദൈവസന്നിധിയിൽ പ്രാർത്ഥനയോടെ ആയിരിക്കണമെന്ന് ഞാൻ എന്റെ ശുശ്രൂഷകരോട് പറയാറുണ്ട്. നിങ്ങൾക്ക് സന്ദർശനം നടത്താൻ സാധിച്ചില്ല എങ്കിലും ഇങ്ങനെ ആയിരിക്കുന്നത് നല്ലതാണ് എന്ന് ഞാൻ അവരോട് പറയാറുണ്ട്. ഇങ്ങനെ മൂന്നുമണിക്കൂർ ദൈവസന്നിധിയിൽ പ്രാർത്ഥനയോടെയായിരുന്നാൽ പുറത്തുപോയി 10 മണിക്കൂർ പ്രവർത്തിക്കുമ്പോൾ ലഭിക്കുന്നതിനേക്കാൾ ഒരു മണിക്കൂർ പ്രവർത്തിച്ചാൽ നേടാൻ സാധിക്കും. ദൈവസന്നിധിയിൽ ആയിരിക്കുന്നത് നിങ്ങളെ കളങ്കമില്ലാത്തവരാക്കും. നമ്മുടെ പ്രവർത്തിയുമായി മറ്റുള്ളവരുടെ പ്രവൃത്തികളെ താരതമ്യം ചെയ്യുന്നത് തെറ്റാണ്. ദൈവസന്നിധിയിൽ അളവും എണ്ണവുമൊന്നും വലിയ കാര്യമല്ല, പക്ഷെ കളങ്കരഹിതമായ പ്രവർത്തനത്തിലാണ് കാര്യം. ഞാൻ ചെറുപ്പമായിരുന്നപ്പോൾ എന്റെ സഭയുടെ വളർച്ചയെയും മറ്റുള്ളവരുടെ സഭയുടെ വളർച്ചയെയും ഞാൻ താരതമ്യം ചെയ്യാറുണ്ടായിരുന്നു. ഇപ്പോൾ ഞാൻ അങ്ങനെ ചെയ്യാറില്ല. ഒരു ലക്ഷം പേർ എന്റെ സഭയിലുണ്ടായിരുന്നാലും ഒരാൾ അല്പബുദ്ധിയാണെങ്കിൽ ഇതിൽ അഭിമാനിക്കാനില്ല. ദൈവസന്നിധിയിൽ നിങ്ങൾ എത്രസമയം ആയിരിക്കുന്നുവോ അത്രത്തോളം പരിശുദ്ധാത്മശക്തി നിങ്ങളുടെ ശുശ്രൂഷയ്ക്കു ലഭിക്കും. നിങ്ങൾ ദൈവാത്മാവിനാൽ തന്നെ ശുശ്രൂഷ ചെയ്യും. ഞാൻ ഒരു യുവപ്രാസംഗികനായിരുന്നപ്പോൾ എന്റെ ശബ്ദത്തിന്റെ വലിപ്പമാണ് ശക്തിയുടെ മാനദണ്ഡമെന്ന് ഞാൻ വിചാരിച്ചിരുന്നു. ഞാൻ എപ്പോഴും ഉറക്കെ വിളിച്ചു സംസാരിക്കുമെന്നതിനാൽ എന്റെ ശബ്ദം വളരെ പരുക്കനായിരുന്നു. ഞായറാഴ്ച ഞാൻ അലറുന്നു, എല്ലാ പ്രഭാത ആരാധനകളിലും ഞാൻ അലറുന്നു, എല്ലാ രാത്രി ആരാധനകളിലും ഞാൻ അലറുന്നു. ഇപ്പോൾ ഞാൻ അത് മാനുഷികമായിരുന്നു എന്നു തിരിച്ചറിയുന്നു.

ദൈവീക ശക്തിയിൽ നിങ്ങൾ യഥാർത്ഥമായി ആയിരിക്കുകയാണെങ്കിൽ നിങ്ങൾ അലറി വിളിക്കേണ്ട കാര്യമില്ല. ദൈവത്തിന്റെ പൂർണ്ണത നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടെങ്കിൽ അതിഗംഭീരമായ സമാധാനവും, ശാന്തതയും, ആത്മവിശ്വാസവും ഉണ്ടാകും. നിങ്ങൾ ദൈവസന്നിധിയിൽ കൂടുതൽ സമയം ആയിരിക്കുന്നു എങ്കിൽ കൂടുതൽ പേർ നിങ്ങളുടെ ശുശ്രൂഷയിലൂടെ രക്ഷിക്കപ്പെടുകയും സൗഖ്യമാവുകയും ചെയ്യും. കൂടാതെ പരിശുദ്ധാത്മാവിന്റെ അതുല്യശക്തിയിൽ നിങ്ങൾക്കു ശുശ്രൂഷിക്കുവാനും സാധിക്കും.

## നികുതി ഇളവ്

**"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 10232923805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 5 |
| IFSC Code | : | SBIN0000249 |
| SWIFT Code | : | SBI NIN BB 455 |

### സ്നേഹത്തോടുകൂടിയ അഭ്യർത്ഥന

നിങ്ങൾ അറിയുന്നതുപോലെ ജീവനക്കാരുടെ ശമ്പളം, പേപ്പറിന്റെ വില, യാത്രകളുടെ ചെലവ് തുടങ്ങിയവ വഹിക്കുവാൻ ഞങ്ങൾ വല്ലാതെ ഞെരുങ്ങുകയാണ്. സാധാരണയായി മറ്റുള്ളവരോട് ഞങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ ചോദിക്കാറില്ല. നിങ്ങൾ ഞങ്ങളെ യഥാർത്ഥമായി സ്നേഹിക്കുകയാണെങ്കിൽ നിങ്ങളുടെ സംഭാവനകൾ മണി ഓർഡർ, ചെക്ക്, ഡ്രാഫ്റ്റ്, ഫോൺ പെ, നെഫ്റ്റ് തുടങ്ങിയവയിലൂടെയോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ അയച്ചുതന്ന് ഈ ശുശ്രൂഷയെ സഹായിക്കുവിൻ. നിശ്ചയമായും ദൈവം നിങ്ങളെ അനുഗ്രഹിക്കും.

**എഡിറ്റർ** **വിളിയുടെ പ്രതിധ്വനി**

## എന്റെ അനുഭവസാക്ഷ്യം



നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് സ്നേഹവന്ദനം! ഇത് പാസ്റ്റർ പീറ്റർ റായിയും കുടുംബവുമാണ്.

ചില ആഴ്ചകൾക്കുമുൻപ് എനിക്ക് അസുഖം ബാധിക്കുകയും, പരിശോധനയിൽ കോവിഡ് 19 സ്ഥിരീകരിക്കുകയും ചെയ്തു. എന്റെ രോഗനില വഷളായതിനാൽ ഓക്സിജൻ നൽകേണ്ടിവന്നു. എന്നെ ആശുപത്രിയിൽ പ്രവേശിച്ചപ്പോൾ തന്നെ ഓക്സിജന്റെ പിൻബലത്തിലൂടെ മാത്രമേ നിങ്ങൾക്ക് ജീവിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് ഡോക്ടർമാർ വിശദീകരിച്ചു. ആശുപത്രിയിൽ നിന്നും ആശുപത്രികളിലേക്ക് മാറ്റിയതും ചികിത്സയുടെ രീതികളുമൊന്നും എനിക്ക് അറിയില്ല. എന്റെ ഭാര്യയും രോഗബാധിതയായതിനാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവന്നു. എന്നെ ICU Disaster വാർഡിൽ അഡ്മിറ്റ് ചെയ്തു. ഓരോ ദിവസവും എന്റെ വാർഡിലുള്ള രണ്ടും മൂന്നും പേർ മരണപ്പെട്ടുകൊണ്ടിരുന്നു. എന്റെ ഊഴം കാത്തുകിടക്കുകയാണെന്നാണ് എനിക്കു തോന്നിയത്. എന്റെ കുടുംബവുമായോ മറ്റുള്ളവരുമായോ ഒരു സമ്പർക്കവും ഇല്ലായിരുന്നു. എന്റെ ആശ നശിച്ചപ്പോൾ പ്രത്യാശയോടെ യേശുക്രിസ്തുവിനോടു പ്രാർത്ഥിച്ചു. ദൈവം എനിക്കും എന്റെ കുടുംബത്തിനുമായി അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ തുടങ്ങി.

നൂറുകണക്കിന് ആളുകൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ദൈവം നിയന്ത്രണം എടുത്തിരിക്കുകയാണെന്നും ദൈവത്തിന് വ്യക്തമായ പദ്ധതി ഉണ്ടെന്നുമുള്ള സന്ദേശങ്ങളും ഫോൺ കോളുകളും എന്റെ ഭാര്യയ്ക്കും മകൾക്കും വന്നുകൊണ്ടിരുന്നു. അനേകർ ഞങ്ങൾക്കുവേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കുന്നുണ്ടായിരുന്നുവെന്ന് ഞങ്ങൾ മനസ്സിലാക്കി. അങ്ങനെ അവരുടെ പ്രാർത്ഥനകൾ ദൈവം കേട്ടു. ഞങ്ങൾക്ക് അറിഞ്ഞുകൂടാത്തവർ പോലും ഞങ്ങളുടെ കുടുംബാംഗങ്ങളെപ്പോലെയായി ഞങ്ങൾക്കുവേണ്ടി സ്നേഹത്തോടെ പ്രാർത്ഥിക്കുവാൻ തുടങ്ങി. ദൈവം എന്നെയും ഭാര്യയെയും അത്ഭുതകരമായി വിടുവിച്ചു. ദൈവത്തിനു മഹത്വം!

ഇത് ഞങ്ങളുടെ കുടുംബത്തിന് ദുരന്തമാകുമായിരുന്നെങ്കിലും നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും കാരണം നന്ദിയുടെയും സാക്ഷ്യത്തിന്റെയും ജീവിതമാക്കി ദൈവം മാറ്റിത്തന്നു. ഞങ്ങളുടെ ദുരിതസമയത്ത് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചവരോട് ഞങ്ങൾ സ്നേഹവും നന്ദിയും ഉള്ളവരാണ്.

ദൈവം അങ്ങേയറ്റം നന്മയും കൃപയും ഉള്ളവനാണ്.

ഇന്ന് ഞങ്ങൾ കുടുംബമായി ഒരിക്കൽ കൂടി നിങ്ങളുടെ സന്നിധിയിൽ ആയിരിക്കുന്നു. ഞങ്ങൾ എല്ലാവരും സുഖം പ്രാപിച്ചു വരുന്നു. ദൈവത്തിന് ഞങ്ങളോടുള്ള സ്നേഹത്തിനായി ഞങ്ങൾ ഓരോ ദിവസവും താഴ്മയോടെ നന്ദികരേറ്റുന്നു.

യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ!


# NEHEMIAH BIBLE COLLEGES, CHENNAI, INDIA

**ECHO OF HIS CALL MINISTRIES** (ESTD.: 1969)

**Affiliated to Hindustan Bible Institute & College (HBI), Chennai**

**&**

**Recognised by the International Christian Leaders & Senior Pastors for the 50 Years! Hundreds of candidates benefitted!!**

**RESIDENTIAL COLLEGE, Velachery**
**(Medium: English & Hindi)**
Course : Diploma in Theology,
Qualification : 10th Standard
Period : One year (with field and administrative trainings)

Golden Opportunity!

Don't miss!!

God is Calling you!!!

**EVENING COLLEGE, Chepauk Santhoshapuram**
**(Medium : Tamil)**
Course : Diploma in Theology
*Monday, Tuesday & Thursday 6.30 PM to 8.30 PM*
(Evening Classes - Chepauk)
Qualification : 10th Standard
Period : One year (with Special Seminars on holidays)

**Pastor S. Sam Selva Raj, Founder-President**

**For more details & application forms please contact :**

NEHEMIAH BIBLE COLLEGES
10, Mohammed Abdullah 2nd Street, Bells Road, Opp. Cricket Stadium, Chepauk, Chennai - 600 005, India.
**Phone : (+91-44) 2852 8282, 2852 9293, 2854 7766, Cell No : (+91) 98410 71852, 95661 31858**
**E.mail : sam@echoofhiscall.org / biblecor@yahoo.co.in Websites : www.echoofhiscall.org / www.echoofhiscall.com**



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്
## PIT TO PALACE
(പാസ്റ്റർ സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

“വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ” മത്തായി 24:15

**“എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും... നടക്കുകയും ചെയ്യും”** (യെശയ്യാവ് 40:31)

1972 ന്റെ ആദ്യഭാഗത്തിൽ ചെന്നൈയിലെ സെയിദപ്പെട്ട് എന്ന സ്ഥലത്ത് ഒരു സുവിശേഷ മഹായോഗം സംഘടിപ്പിക്കുവാൻ ദൈവാത്മാവ് എനിക്കു പ്രേരണ നൽകി. ഈ മഹായോഗത്തിലേക്ക് ജനങ്ങളെ സ്വാഗതം ചെയ്തുകൊണ്ടുള്ള പോസ്റ്ററുകളും ലഘുനോട്ടീസുകളും കൊണ്ട് നല്ല പരസ്യവും ചെയ്തു. ഞാനും എന്റെ കൂട്ടാളികളും ചേർന്ന് അനേകംപേരെ ഈ യോഗത്തിലേക്ക് കൊണ്ടുവരുവാൻ കഠിനപരിശ്രമം നടത്തി.

ഈ പരിപാടിക്കുവേണ്ടി അനേകം പ്രാർത്ഥനകൾ സമർപ്പിക്കപ്പെട്ടു. ചില സുഹൃത്തുക്കൾ പാട്ടു കടലാസ്സുകളും വാദ്യോപകരണങ്ങളുമായി കടന്നുവന്നു. പക്ഷെ, ഈ മഹായോഗത്തിന്റെ ആരംഭദിവസം ആരും അവിടെ വന്നതായി കാണാൻ കഴിഞ്ഞില്ല. ഞങ്ങൾ വളരെ നേരം ജനത്തിനുവേണ്ടി കാത്തിരുന്നു. അവസാനം രണ്ടു സഹോദരന്മാർ യോഗത്തിനായി കടന്നുവന്നു. എന്റെ കൂടെ നിന്ന് യോഗത്തിന്റെ വിജയത്തിനായി അശ്രാന്തപരിശ്രമം നടത്തിയ സുഹൃത്തുക്കൾക്ക് വലിയ സങ്കടമായി. എന്തുകൊണ്ടാണ് ദൈവം ഞങ്ങളുടെ പ്രാർത്ഥനയ്ക്കും കഠിനപ്രയത്നത്തിനും മറുപടി തരാത്തത് എന്ന് അവർ എന്നോട് ചോദിച്ചു. ദൈവത്തിന് ഇതിന്റെ ഉത്തരം ദൈവത്തിന്റെ രീതിയിൽ തന്നെ ഉണ്ട് എന്ന് ഞാൻ മറുപടി നൽകി. ഞാൻ ഒരിക്കൽപോലും നിരാശനായില്ല. ദൈവത്തിന്റെ നാമത്തിൽ ഞാൻ എന്നെത്തന്നെ ശക്തീകരിച്ചു (1 ശമുവേൽ 30:6).

എന്തുതന്നെയായാലും ഞങ്ങൾ അവിടെ ആരാധന നടത്തുകയും ഞാൻ ശക്തിയോടെ പ്രസംഗിക്കുകയും ചെയ്തു. കടന്നുവന്ന രണ്ടുപേരിൽ ഒരാൾ കർത്താവിനായി തന്നെത്തന്നെ സമർപ്പിക്കുകയും എന്നോടൊപ്പം പ്രവർത്തിക്കുവാൻ ആരംഭിക്കുകയും ചെയ്തു.

ഇന്ത്യയ്ക്കകത്തും വിദേശത്തും ആയിരങ്ങൾ പങ്കെടുക്കുന്ന മഹായോഗങ്ങളിൽ പ്രസംഗിക്കുവാൻ ദൈവം എന്നെ സഹായിച്ചു. ദൈവനാമത്തിനു മഹത്വമുണ്ടാകട്ടെ.

ഇതിനുവേണ്ടി എനിക്ക് ക്ഷമയോടെയും വിശ്വസ്തതയോടെയും അനേകം വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു.

പ്രിയ സഹോദരീ സഹോദരന്മാരെ, നിങ്ങൾ പരാജയത്തിന്റെ തോണി തുഴഞ്ഞുകൊണ്ടിരിക്കുകയാണോ? നിങ്ങളുടെ കഠിന പരിശ്രമങ്ങളും ഉപവാസമൊന്നും ഫലമില്ലാതെ പോകുകയാണെന്ന് തോന്നുന്നുവോ? ചിലപ്പോൾ ദൈവം നമ്മുടെ വിശ്വാസത്തിന്റെയും ക്ഷമയുടെയും ആഴം അളക്കുവാനായി നാം പ്രതീക്ഷയോടും പരിശ്രമിച്ചും ചെയ്യുന്ന കാര്യങ്ങളിൽ ദൈവം നിശബ്ദത പാലിക്കും.

“അഴിഞ്ഞു പോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിൻറെ പരിശോധന വിലയേറിയത് എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചെയ്ക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും” (1 പത്രൊസ് 1:7).

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!


**Please pray for our**

- Echo of His Call (16 languages)
- Multi-lingual Churches
- St. Paul's Matriculation School and their needs.

- Editor

## Echo of His Call Postal Courses

**1. BIBLECOR**

We offer a Postal Course on Basic Truths of The Bible to new christians and non-christians in English, Hindi & Tamil. You will get a course book entitled **New Life – For You!** with about 70 pages. After the completion of this course, you will get a certificate. **There will be no compulsory fees**. This courses is for candidates in India only.

**2. THEOLOGICAL CORRESPONDENCE COURSE**

Advanced Distance Education called **Theological Correspondence Course** is available for Pastors, Evangelists and Christian Leaders! A fee of Rs. 1000/- is charged. 7 Books with 142 Chapters are supplied. **Certificate in Ministry** will be awarded.

***For more details, write to us.***

**The Chairman, Nehemiah Bible College, Echo of His Call**
10, Mohammed Abdullah 2nd Street, Opp. Cricket Stadium,
Chepauk, Chennai - 600 005, India.
**Ph.: (044) 2852 8282, 2852 9293, 2854 7766, Cell : (+91) 95661 31858, 98410 71852 E-mail : biblecor@yahoo.co.in**

RNI NO. 55468/94, Postal Regn. No. TN/CH (C)/199/18-20 WPP NO. TN/PMG(CCR)/WPP-221/18-20

# ECHO OF HIS CALL

**Monthly magazines in 16 languages, Bible Colleges, Postal Courses, Church Planting, Village English High School, Gospel Printing Press, Crusades, Seminars, Social Services, etc.**

**Annual Subscription : Rs. 100/- Life Subscription : Rs. 2000/-**

The multifarious activities of **Echo of His Call Ministry** is supported by the free-will offerings and donations of the God's Children like you. You may support **Echo of His Call** and its activities as the Lord leads you. We need your help to send forth the Gospel to the unreached people and plant Churches.

If you would like to receive **ECHO OF HIS CALL** magazines regularly, please write to us. Whenever you change your postal or e-mail addresses, please do inform us your old and new addresses.

**Echo of His Call** is available in 16 languages in our websites also. You can read it by going into the site as well as downloading it and get blessed.

Your letters, prayer requests and your financial helps (by D.D., Cheque, M.O. etc.) to **ECHO OF HIS CALL** may be sent to the address below.

Please send your **Land Phone / Mobile Phone Numbers and E.mail addresses** for updation.

## ECHO OF HIS CALL

10, Mohammed Abdullah 2nd Street, Chepauk,
Chennai - 600 005, India
PH: (+91-44) 2852 8282, 2852 9293, 2854 7766,
Cell: (+91) 98410 71852, 95661 31858
E-mails: sam@echoofhiscall.org / biblecor@yahoo.co.in
Websites: www.echoofhiscall.org / www.echoofhiscall.com

**YOU CAN SEND YOUR DONATIONS ON ONLINE ALSO**

## PLEASE PRAY FOR OUR MINISTRIES AT THE HEADQUARTERS

1. Prayer Service : 24 hours
2. **BIBLECOR -** Bible Correspondence Courses : English, Tamil & Hindi
3. **ECHO OF HIS CALL** - Monthly Magazines : English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikaans.
4. Nehemiah Bible Colleges (Two Centres)
5. Theological Correspondence Courses: English & Tamil
6. Great Commission Partners (Network of Pastors)
7. Training Programmes
8. Crusades
9. Literature Distribution and Follow Up
10. Gospel Printing Press - Publications
11. St. Paul's Matriculation School - Village English High School
12. Sunday Schools : 8.30 a.m. & 4.00 p.m. Sunday
13. **Tamil Services : 5.30 a.m. , 7.00 a.m. & 10.00 a.m. Sunday**
14. **Malayalam Service : 2.00 p.m. Sunday**
15. **Telugu Service : 4.00 p.m. Sunday**
16. **Hindi Service : 5.00 p.m. Sunday**
17. **English & Tamil Service : 6.00 p.m. Sunday**
18. Pastors' Counselling : 4.00 p.m. Sunday
19. Women's Prayer : 5.30 p.m. Wednesday
20. Mid-week Bible study : 6.30 p.m. Wednesday
21. Men's Prayer : 7.00 p.m. Friday
22. Workers' Meeting : 6.00 p.m. Saturday
23. House Meetings : 6.30 p.m. Monday & Tuesday
24. Special Holy Communion : 5.30 a.m. 1st day of each month
25. Ministers Review Meeting : 5.30 p.m. First Saturday
26. Parents' Prayer : 4.00 p.m. First Sunday
27. Night Prayer : 9.30 p.m. Second Friday
28. Fasting Prayer : 9:30 a.m. Third Saturday
29. Holy Communion : Second Sunday Services
30. Morning Devotion : 5.30 a.m. daily
31. Staff Devotion : 9.00 a.m. daily
32. Office : 9.00 a.m. to 9.00 p.m. (except Sundays)

**The details of our Bank Accounts are given below. Please inform us the details of your remittances.**

| Bank | Branch | Name | IFSC Code No. | Account Number |
|---|---|---|---|---|
| 1. STATE BANK OF INDIA | Triplicane, Chennai -5 | S. Sam Selva Raj | SBIN 0000249 | 102329 34679 |
| 2. ICICI BANK | Anna Salai, Chennai -2 | Echo of His Call | ICIC 0006038 | 6038 05022319 |

RNI NO. 55468/94
Postal Regn. No. TN/CH/(C)/199/18-20
WPP NO. TN/PMG(CCR) / WPP- 221/18-20
Date of Publication: First week of every month
Date of Posting : 3rd & 4th of every month
Posted at "Egmore RMS / 1 Patrika Channel"
on 5th OCTOBER 2020
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957,
Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

***JESUS LOVES YOU!***

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from 10, Mohammed Abdullah II Street, Chepauk, Chennai- 600 005 and printed by him at **Echo of His Call Printers** 10, Mohammed Abdullah II Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj**.